## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 6152 | 20/11/2019-ൽ മറുപടിയ്ക്ക്

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. വി.ടി.ബൽറാം :** | **ശ്രീ. എ.കെ. ബാലൻ**<br>പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |
| (എ) പാർലമെന്ററികാര്യ വകുപ്പിന് കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ് എന്ന് അറിയിക്കുമോ; | (എ) ഹൈസ്കൂൾ/ ഹയർ സെക്കണ്ടറി സ്കൂൾ തലങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്, സ്കൂൾ സെമിനാറുകൾ എന്നിവയും കോളേജ് തലത്തിൽ മോഡൽ പാർലമെന്റ്, സെമിനാറുകൾ എന്നിവയും സംഘടിപ്പിക്കുന്നു. കൂടാതെ സ്കൂൾ/കോളേജ് തലത്തിൽ പാർലമെന്ററി ഡെമോക്രസിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രശ്നോത്തരി/ ഉപന്യാസം/പ്രസംഗ മത്സരങ്ങളും സംഘടിപ്പിക്കുന്നു. ബഡ്ജറ്റ് ഡിസ്കഷൻ, പ്രധാനപ്പെട്ട ദേശീയ ദിനങ്ങളുടെ അനുസ്മരണം എന്നിവയും സംഘടിപ്പിച്ചു വരുന്നു. |
| (ബി) പാർലമെന്ററി പ്രക്രിയയെ കുറിച്ചും ജനാധിപത്യത്തെക്കുറിച്ചും മതേതര മൂല്യങ്ങളെക്കുറിച്ചും കുട്ടികളെ ബോധവത്ക്കരിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സെമിനാർ സംഘടിപ്പിക്കുന്നുണ്ടോ; കഴിഞ്ഞ വർഷം എത്ര സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കി; വ്യക്തമാക്കുമോ; | (ബി) ഉണ്ട്; 2018-19 സാമ്പത്തിക വർഷത്തിൽ 117 സ്കൂളുകളിൽ സെമിനാർ നടത്തി. |
| (സി) ഭരണഘടനാ തത്വങ്ങൾ കുട്ടികളിലെത്തിക്കുന്നതിന് എന്ത് പദ്ധതിയാണ് നടപ്പിലാക്കിയത് എന്ന് അറിയിക്കുമോ; | (സി) ഭരണഘടനാ തത്വങ്ങൾ കുട്ടികളിൽ എത്തിക്കുന്നതിന് സെമിനാറുകൾ നടത്തുകയും പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് എന്നിവ സംഘടിപ്പിക്കുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഈ സാമ്പത്തിക വർഷം ഇൻസ്റ്റിറ്റ്യൂട്ട് നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ എന്തൊക്കെയാണെന്നും ഇതിനായി ബജറ്റിൽ എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്നും അറിയിക്കുമോ; | (ഡി) | ബഡ്ജറ്റ് ഡിസ്കഷൻ, പ്രധാനപ്പെട്ട ദേശീയ ദിനങ്ങളുടെ അനുസ്മരണം. ദ്വിദിന കോളേജ് സെമിനാർ എന്നീ പുതിയ പദ്ധതികൾ സംഘടിപ്പിക്കുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ എല്ലാ പദ്ധതികൾക്കുമായി 2019-20 സാമ്പത്തിക വർഷം ബജറ്റിൽ ഗ്രാന്റ് ഇൻ എയ്ഡിൽ ഉൾപ്പെടുത്തി ആകെ 91,61,000/- രൂപ (തൊണ്ണൂറ്റി ഒന്ന് ലക്ഷത്തി അറുപത്തി ഒന്നായിരം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. |
| (ഇ) | ഇൻസ്റ്റിറ്റ്യൂട്ട് കുട്ടികൾക്കായി പദ്ധതി തയ്യാറാക്കുമ്പോൾ സംസ്ഥാനത്തെ തീരപ്രദേശങ്ങളിലെയും മലയോര പ്രദേശങ്ങളിലെയും കുട്ടികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങളെപ്പറ്റിയും അത് ലഭിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ചും അവരെ ബോധവത്ക്കരി-ക്കുന്നതിന് പ്രത്യേക പദ്ധതികൾ തയ്യാറാക്കുമോ എന്ന് വ്യക്തമാക്കുമോ; | (ഇ) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ